ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.**DTETVM/5018/2025-C1 (ACA)-Part(1)** തീയതി: **05-11-2025**

<u>പരിപത്രം</u>

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - **2025-2026** അധ്യയന വർഷത്തെ സംസ്ഥാന ടെക്‌നിക്കൽ ഹൈസ്കൂൾ കായികമേള മഞ്ചേരി ടെക്‌നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്നത് മാറ്റി മാനന്തവാടി, സർക്കാർ ടെക്‌നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്തുന്ന വിവരം - അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- **22-06-2025** തീയതിയിലെ ഈ ഓഫീസിലെ **DTETVM/5018/2025-C1 (ACA)** നമ്പർ നടപടിക്രമം.

മേൽ സൂചന പ്രകാരം **2025-26** വർഷത്തെ കായികമേള മഞ്ചേരി സർക്കാർ ടെക്‌നിക്കൽ ഹൈസ്കൂളിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്നതാണ്. **29/10/25** നു കായികമേള നടത്തിപ്പുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ കായികമേളയ്ക്കായി സിന്തറ്റിക് ട്രാക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഗ്രൗണ്ട് മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും, അവിടെ വെച്ച് മേള നടത്തുവാൻ പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടെന്നും **PTA** ഭാരവാഹികൾ അറിയിക്കുകയുണ്ടായി. തുടർന്ന് നടന്ന ചർച്ചയിൽ മേളയുടെ സംഘാടന ചുമതല ഏറ്റെടുക്കുവാൻ മാനന്തവാടി **THS** സൂപ്രണ്ട് തയ്യാറാവുകയും അതനുസരിച്ച് **2025-26** വർഷത്തെ സംസ്ഥാന ടെക്‌നിക്കൽ ഹൈസ്കൂൾ കായികമേള മാനന്തവാടി സർക്കാർ ടെക്‌നിക്കൽ ഹൈസ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചതായി അറിയിക്കുന്നു.

Shibu R S
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

Signed by
Shibu R S
Date: 05-11-2025 16:54:33

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്മാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി